**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1756** **25.03.2013 ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് വാമനപുരം മണ്ഡലത്തിൽ അനുവദിച്ച തുക**

| **ചോദ്യം**<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ : | **ഉത്തരം**<br>**ശ്രീ. ഉമ്മൻ ചാണ്ടി**<br>**(ബഹു. മുഖ്യമന്ത്രി)** |
|---|---|
| (എ) വാമനപുരം നിയോജക മണ്ഡലത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രോഗികൾക്കും അപകടമരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്കും മറ്റു ദുരന്തങ്ങൾക്കിരയായവർക്കും നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിശദമായ പട്ടിക ലഭ്യമാക്കുമോ; | (എ) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. |
| (ബി) ഗൃഹനാഥനോ ഗൃഹനാഥയോ അപകടം മൂലം മരണപ്പെട്ടുപോയാൽ അവരുടെ കുടുംബത്തിന് നൽകുന്ന ധനസഹായം എത്രയാണെന്നും ആയതു ലഭിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്നും അറിയിക്കുമോ? | (ബി) അപകടം മൂലം മരണപ്പെടുന്നവരുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നിലവിലുള്ള വ്യവസ്ഥപ്രകാരം 30,000/- രൂപയും, പ്രത്യേക സാഹചര്യങ്ങളിൽ ബഹു:മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച്, 1,00,000/- രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി കൂടുതൽ തുകയും അനുവദിക്കാറുണ്ട്.<br>ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള നടപടി ക്രമം താഴെ പറയുന്നു.<br><br>1. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖേന നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>2. അപേക്ഷകന്റെ വാർഷികവരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം.<br>3. ധനസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം, ആവശ്യമായ രേഖകളായ FIR, മരണസർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നീ രേഖകളുടെ പകർപ്പ് ഹാജരാക്കിയിരിക്കണം.<br>4. അപകടമരണത്തിനുശേഷം ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ ധനസഹായത്തിന് പരിഗണിക്കുകയുള്ളൂ.<br>ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് താലൂക്ക് ഓഫീസ് മുഖേന തുക വിതരണം ചെയ്യുന്നു. |

Vaijayanthi

**സെക്ഷൻ ഓഫീസർ.**